(എ) കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പ് തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിൽ എന്നാണ് നടന്നത്;

(ബി) അടുത്ത തിരഞ്ഞെടുപ്പ് എന്നു നടത്തുവാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ൧൯൬൫, ൧൯൬൬ എന്നീ കൊല്ലങ്ങളിൽ.

(ബി) അടുത്ത തിരഞ്ഞെടുപ്പ് എന്നു നടത്തുവാൻ സാധിക്കുമെന്ന് ഇപ്പോൾ ഖണ്ഡിതമായി പറയുവാൻ സാധിക്കുകയില്ല. പുതിയ പഞ്ചായത്ത് ആക്ടിലെ പ്രകാരം തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ പഞ്ചായത്തുകളുടെ പുനർവിഭജനം കഴിഞ്ഞതിനുശേഷമേ പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടത്തുവാൻ സാധിക്കുകയുള്ളൂ.

പുതിയ വ്യവസായശാലകൾ

*൩൩൪. (ഇല) ശ്രീ. വി. കെ ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാന്യപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്ത് ഇൻഡ്യാഗവൺമെന്റിനോ, ഇൻഡ്യാഗവൺമെന്റിന്റെ സഹായത്തിന്മേൽ ഏതെങ്കിലും വ്യക്തിയോ ഏതെങ്കിലും വ്യവസായശാലകൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതായി ഗവൺമെന്റിനു് അറിവുലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് ഏതെല്ലാം വ്യവസായങ്ങളാണു്;

(സി) അതു് എവിടെയെല്ലാം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു?

ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ഉണ്ടു്.

(ബി) മോണോഐസറ് ഫാക്ടറി, കാസ്റ്റിക്ക് സോഡാ ഫാക്ടറി മുതലായവയാണു്.

(സി) ഈ കാര്യങ്ങൾ ആലോചനയിലിരിക്കയാണു്.

പിന്നോക്കസമുദായസംരക്ഷണവകുപ്പ്

*൩൩൫. (൩൩) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായസംരക്ഷണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പിന്നോക്കസമുദായസംരക്ഷണഡിപ്പാർട്ട്മെന്റിനു് ഒരു അഡൈ്വസറി കമ്മിറ്റിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഡിപ്പാർട്ട്മെന്റിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് കമ്മിറ്റി വിളിച്ചുകൂട്ടി ആലോചിക്കാറുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ഉണ്ടു്.

(ബി) ആവശ്യമനുസരിച്ചു വിളിച്ചുകൂട്ടാറുണ്ടു്.

മോട്ടാർകാർ വ്യവസായശാല

*൩൩൬. (൩൮) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ഒരു മോട്ടാർകാർ വ്യവസായശാല സ്ഥാപിക്കുവാൻ ആലോചനയുണ്ടോ;

(ബി) അതു് എവിടെ സ്ഥാപിക്കണമെന്നു വിചാരിക്കുന്നു?

ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ), (ബി) അവസാനതീരുമാനത്തിൽ എത്തിയിട്ടില്ല.

സൈക്കിൾ നിർമ്മാണവ്യവസായശാല

*൩൩൭. (൩൪) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ഒരു സൈക്കിൾ നിർമ്മാണവ്യവസായശാല സ്ഥാപിക്കുന്നകാര്യം ആലോചിക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly